(സി) ഈ റൂളുകളും ഓർഡറുകളും യഥാസമയം മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയും റവന്യൂ വകുപ്പും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളതും നാളിതുവരെ മേശപ്പുറത്തു വയ്ക്കാത്തതുമായ എസ്.ആർ.ഒ.-കളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

മലയാള ഭാഷയിൽ വിവർത്തനം ചെയ്ത നിയമങ്ങൾ

21 [1431] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി നിയമസഭ പാസ്സാക്കിയ ഏതെല്ലാം നിയമങ്ങൾ നിയമവകുപ്പ് മലയാള ഭാഷയിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) നിയമസഭ പാസ്സാക്കിയ ഏതെല്ലാം നിയമങ്ങൾ നിയമവകുപ്പ് മലയാളഭാഷയിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കേരള ലാന്റ് റിഫോംസ് ആക്റ്റിന്റെ പ്രസിദ്ധീകരിക്കപ്പെട്ട നാളിതുവരെയുള്ള ഭേദഗതികളുൾപ്പെടെയുള്ളവയുടെ മലയാള പരിഭാഷകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1965-നു ശേഷം നിയമസഭ പാസ്സാക്കിയ നിയമങ്ങൾ മലയാള ഭാഷയിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) അവയുടെ എല്ലാ പകർപ്പുകളും ഇപ്പോൾ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നാളിതുവരെയുള്ള ഭേദഗതികൾ ഉൾപ്പെട്ട കേരള ലാന്റ് റിഫോംസ് ആക്ടിന്റെ മലയാളം പകർപ്പ് ഇപ്പോൾ ലഭ്യമല്ല.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്

22 [1432] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യത്യസ്ത സ്വഭാവമുള്ള സംഘടനകൾക്ക് രജിസ്റ്റർ ചെയ്യപ്പെടാൻ കഴിയുംവിധത്തിലും രജിസ്റ്റർ ചെയ്യുന്ന സംഘടനകളിൽ സർക്കാരിന് കൂടുതൽ നിയന്ത്രണം ലഭിക്കത്തക്കവിധത്തിലും പുതിയ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(സി) കലാ സാംസ്കാരിക സംഘടനകളും സന്നദ്ധ സേവന പ്രസ്ഥാനങ്ങളുമായി ചർച്ച ചെയ്ത ഈ രംഗത്തെ വിദഗ്ധരുടെ അഭിപ്രായം ആരാഞ്ഞും നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) പരിഗണിക്കാവുന്നതാണ്.

സെക്രട്ടറിയേറ്റ് നിയമവകുപ്പിലെ നിയമനങ്ങൾ

23 [1433] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റായി പി.എസ്.സി. മുഖേന ഏറ്റവും ഒടുവിൽ നിയമനം നൽകിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്രപേർക്ക് നിയമനം നൽകി; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മറ്റേതെങ്കിലും കാറ്റഗറിയിലുള്ളവരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) 1-1-2004-നു ശേഷം നിയമ വകുപ്പിലെ എത്ര ഉദ്യോഗസ്ഥർ പെൻഷൻ പറ്റിയെന്നും ഏതു തീയതികളിലാണെന്നും ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഇ) പെൻഷൻ ആയതിന് ആനുപാതികമായി വകുപ്പിൽ സെക്ഷൻ ഓഫീസർ, ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രമോഷൻ നടന്നിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(എഫ്) 1-1-2004-നു ശേഷം എത്ര ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2-മാരെ ഗ്രേഡ്-1 ആയി പ്രമോഷൻ നൽകിയെന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ജി) ഇപ്പോൾ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2-ന്റെ ഒഴിവുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റായി പി.എസ്.സി. മുഖേന ഏറ്റവും ഒടുവിൽ നിയമനം നൽകിയത് 19-1-2004-ൽ ആണ്.

LIBRARY ARCHIVES Kerala Legislative Assembly